**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.832 30.11.2018 -ലെ മറുപടിക്ക്**

**<u>തോപ്പിൽ കോളനിയുടെ നവീകരണ പ്രവൃത്തി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരണം ആരംഭിച്ച തോപ്പിൽ കോളനിയുടെ നവീകരണ പ്രവൃത്തി പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസം വിശദമാക്കുമോ? | (എ) | നവീകരണ പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. റോഡു വർക്കുകൾ ഭാഗികമായി പൂർത്തീകരിച്ചു. വെയിറ്റിംഗ് ഷെഡിന്റെ തറ ചെയ്തിട്ടുണ്ട്. കുടിവെള്ള പദ്ധതിക്കായി 3 കുഴൽ കിണറുകൾ നിർമ്മിക്കുകയും 2 മോട്ടോർ, 3 ടാങ്ക് എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഹൗസ് കണക്ഷനുകൾ നൽകുന്നതിനായി പൈപ്പുകളും മറ്റും സ്ഥാപിച്ചുണ്ടെങ്കിലും ജല വിതരണം ഇതുവരെയും ആരംഭിച്ചിട്ടില്ല. ഹൈമാസ് ലൈറ്റ്, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഭവന പുന:രുദ്ധാരണത്തിനായി തെരഞ്ഞെടുത്ത 10 ഗുണഭോക്താക്കളിൽ 7 ഗുണഭോക്താക്കളുടെ ഭവന പുന:രുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് ചില പ്രവൃത്തികൾ ചെയ്യുന്നതിന് ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ കോളനിയുടെ ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ